**കേരള സർക്കാർ**

അക്കൗണ്ട്സ് ബി 1 / 58 / 2017/ ധന

ധനകാര്യ (അക്കൗണ്ട്സ് ബി ) വകുപ്പ്
ഫോൺ : 0471 - 2518112, 2518132
തിരുവനന്തപുരം
തീയതി:**01/12/2017**

## ലേല നോട്ടീസ്

ധനകാര്യ വകുപ്പിലെ ഉപയോഗ ശൂന്യമായ താഴെ പറയുന്ന സാധനങ്ങൾ ശാന്തിനഗർ KSHB ബിൽഡിംഗിലെ സെല്ലാറിൽ വെച്ച് **11/12/2017-ന് രാവിലെ 11.30 ന്** പരസ്യമായി ലേലം ചെയ്യുന്നു.

| നം. | വിവരണങ്ങൾ | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ അലമാര | 2 |
| 2 | പെഡസ്റ്റൽ ഫാൻ | 34 |
| 3 | വോൾ ഫാൻ | 3. |
| 4 | ടേബിൾ ഫാൻ | 4 |

ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ഓഫീസ് പ്രവർത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 3 മണി മുതൽ 5 മണി വരെ സാധനങ്ങൾ പരിശോധിക്കാൻ അവസരമുണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ഹാജരായി നിരത ദ്രവ്യം ഇനത്തിൽ **500/- രൂപ** അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. കൂടാതെ നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (ആധാർ കാർഡ്/ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ലേലം അവസാനിക്കുന്ന മുറയ്ക്ക് ഏറ്റവും കൂടുതൽ തുക വിളിച്ച വ്യക്തിക്ക് ലേലം താൽകാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം തുകയുടെ രണ്ടിൽ ഒരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേല സ്ഥലത്തു വച്ച് അടയ്ക്കേണ്ടതും, ബാക്കി തുക 3 ദിവസത്തിനകം ഒടുക്കി സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നല്കുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ

തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11.30 ന് ലേല നടപടികൾ കൈകൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്ന് വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ . യാതൊരു കാരണവും കാണിക്കാതെ ലേല നടപടി റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

**മിനി വി ആർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**